**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 143 — 21/01/2014-ൽ മറുപടിയ്ക്ക്

# 'കേര സമൃദ്ധി'പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>,, വർക്കല കഹാർ<br>,, എം. പി. വിൻസെന്റ് | ശ്രീ. **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് 'കേരസമൃദ്ധി' എന്ന പദ്ധതി പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;<br>ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;<br>സി) നാളികേര വികസനത്തിനും കേര സുഭിക്ഷയ്ക്കും എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (എ)യും, (ബി)യും, (സി)യും സംസ്ഥാന നാളീകേര മേഖലയ്ക്ക് ഉണർവേകാനും ഉത്പാദനക്ഷമതയേറിയ തെങ്ങുകളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിപ്പിക്കാനും ഉതകുന്ന തരത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് കേരസമൃദ്ധി എന്ന പദ്ധതി. കേരസുഭിക്ഷ-കേരള രക്ഷ എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയ്ക്ക് കേര സമൃദ്ധി എന്നാണ് പേര് നൽകിയിരിക്കുന്നത്. ഈ പദ്ധതിയനുസരിച്ച് 5 വർഷം കൊണ്ട് 15 ലക്ഷം അത്യുത്പാദനശേഷിയുള്ള കുറിയയിനം തെങ്ങുകൾ സംസ്ഥാനത്തെ കർഷകർക്കു വിതരണം ചെയ്യും. നടപ്പു സാമ്പത്തിക വർഷം ഒരു ലക്ഷം തൈകൾ പുതുതായും, രോഗം വന്ന് ഉത്പാദനം കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി 2 ലക്ഷം തൈകളും നടാൻ ഉദ്ദേശിക്കുന്നു. ആദ്യവർഷം ഒരു ലക്ഷം, രണ്ടാമത്തെ വർഷം രണ്ടുലക്ഷം, മൂന്നാം വർഷം മൂന്നു ലക്ഷം, 4-ാമത്തെ വർഷം 4 ലക്ഷം, 5-ാമത്തെ വർഷം 5 ലക്ഷം എന്ന ക്രമത്തിലാണ് സംസ്ഥാനത്ത് തെങ്ങിൻ തൈകൾ വിതരണം ചെയ്യാനുദ്ദേശിക്കുന്നത്. |
| ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | ഡി) കൃഷി വകുപ്പിന്റെ ഫാമുകളിൽ കുറിയയിനം തൈകൾ ഉത്പാദിപ്പിക്കുന്നതിനായി 44454 കുറിയ ഇനം തെങ്ങുകൾ കണ്ടെത്തുകയും അതിൽ നിന്നും ശാസ്ത്രീയ പരിശോധനയ്ക്കു ശേഷം തെങ്ങുകൾ തെരഞ്ഞെടുക്കുന്നതിനും സങ്കരണം നടത്തുന്നതിനും പരിശീലനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ